പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.1173 .

20.1.2014 -ൽ
മറുപടിയ്ക്ക്

## കോളേജുകളുടെ സ്വയംഭരണാവകാശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം . | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | കോളേജുകൾക്ക്സ്വയംഭരണം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന് ആധാരമാക്കിയത് എന്തൊക്കെ കാര്യങ്ങളാണ് എന്ന് വ്യക്തമാക്കാമോ ; | (എ) | ഉണ്ട്. 2 സർക്കാർ കോളേജുകളും 11 എയ്ഡഡ് കോളേജുകളും ഉൾപ്പെടെ 13 കോളേജുകൾക്ക് സ്വയംഭരണപദവി നൽകുന്നതിനായി യു.ജി.സിയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലകളോട് നിർദ്ദേശിച്ചിട്ടുണ്ട്. യു.ജി.സിയുടെ മാർഗ്ഗനിർദ്ദേശങ്ങളോടൊപ്പം സംസ്ഥാനത്ത് സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് പ്രൊഫ.എൻ.ആർ.മാധവ മേനോൻ അദ്ധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടെയും അടിസ്ഥാനത്തിലാണ് ഇതിനുള്ള തീരുമാനം സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | സ്വയംഭരണാവകാശം നൽകുന്നതു വഴി കോളേജുകൾക്ക് ഏതെല്ലാം മേഖലയിൽ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ കഴിയുകയെന്ന് വ്യക്തമാക്കുമോ ; | (ബി) | സർക്കാരിന്റെ ഇടപെടൽ ഇല്ലാതെ എന്നാൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നല്കുവാനാണ് ഉദ്ദേശിക്കുന്നത്. അതിനാൽ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കാലാനുസൃതമായി നവീനമായ കോഴ്സുകൾ രൂപപ്പെടുത്തുന്നതിന് കോളേജുകൾക്ക് കഴിയും. |

| | | | |
|---|---|---|---|
| (സി) | ഈ കോളേജുകൾക്ക് ആവശ്യമായ ഫണ്ടിംഗ് എവിടെ നിന്നാണ് ലഭിക്കുകയെന്നും എത്ര ഫണ്ട് വീതം ലഭിക്കുമെന്നും വ്യക്തമാക്കാമോ ; | (സി) | നിലവിൽ ലഭിച്ച് കൊണ്ടിരുന്ന യു.ജി.സി ഫണ്ട് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ(റൂസ) പദ്ധതിയുടെ ഭാഗമായി സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേനയാണ് കോളേജുകൾക്ക് ലഭിക്കുക. |
| (ഡി) | ഇതനുസരിച്ച് ഏതൊക്കെ കോളേജുകൾക്കാണ് ഇങ്ങനെ സ്വയംഭരണം ലഭിക്കുന്നത്. എന്നുമുതൽ ഇത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; അക്കാദമിക് രംഗത്ത് ഇതുവഴി എന്ത് മാറ്റം കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ഡി) | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം, മഹാരാജാസ് കോളേജ് , എറണാകുളം എന്നീ രണ്ട് സർക്കാർ കോളേജുകൾക്കും പതിനൊന്ന് എയ്ഡഡ് കോളേജുകൾക്കും സ്വയംഭരണാവകാശം നൽകുന്നതിനായി യു.ജി.സിയോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എയ്ഡഡ് കോളേജുകളുടെ പേര് ചുവടെ ചേർക്കുന്നു.<br>1.മാർ ഇവാനിയോസ് കോളേജ്,തിരുവനന്തപുരം.<br>2.ഫാത്തിമ മാതാ നാഷണൽ കോളേജ്,കൊല്ലം.<br>3.സെന്റ് ബെർക്ക്മാൻസ് കോളേജ്,ചങ്ങനാശ്ശേരി.<br>4.സെന്റ് തെരേസാസ് കോളേജ്, എറണാകുളം.<br>5.സേക്രട്ട് ഹാർട്ട് കോളേജ്,തേവര, എറണാകുളം..<br>6.രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്,എറണാകുളം.<br>7.ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട.<br>8.സെന്റ് തോമസ് കോളേജ്,തൃശ്ശൂർ.<br>9.എം.ഇ.എസ് കോളേജ്, മമ്പാട്.<br>10.ഫറോക്ക് കോളേജ്, കോഴിക്കോട്. |

11.സെന്റ് ജോസഫസ് കോളേജ്,ദേവഗിരി,കോഴിക്കോട്. അടുത്ത അദ്ധ്യയന വർഷം മുതലാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നതിലൂടെ സാധിക്കും. പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കോഴ്സുകൾ രൂപപ്പെടുത്താനും വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാനും സാധിക്കും.

(ഇ) സ്വയംഭരണ കോളേജുകളിലെ വിവിധ നിയമനങ്ങൾ , എങ്ങിനെയാണ് നടപ്പിലാക്കുക ;

(ഇ) നിലവിലുള്ള സർക്കാർ ചട്ടങ്ങൾക്ക് വിധേയമായിട്ടായിരിക്കും സ്വയംഭരണ കോളേജിലെ നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകുന്നത്.

(എഫ്) വിവിധ കോഴ്സുകൾ പഠിക്കുന്നതിന് വിദ്യാർത്ഥികൾ സർക്കാർ/എയ്ഡഡ് കോളേജുകളിൽ ഇപ്പോൾ നൽകി വരുന്നതിനേക്കാൾ കൂടുതൽ നിരക്കിൽ ഫീസ് നൽകേണ്ടി വരുമോ ; അങ്ങനെയെങ്കിൽ വിവിധ കോഴ്സുകളുടെ ഫീസ് ഘടന പ്രസിദ്ധീകരിക്കാമോ ; പ്രവേശന നടപടികൾ എങ്ങനെയായിരിക്കുമെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(എഫ്) സർക്കാർ ചട്ടങ്ങൾക്ക് വിധേയമായിട്ടായിരിക്കും ഫീസ് നിശ്ചയിക്കുന്നത്. പുതിയ കോഴ്സുകളിലേയ്ക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്ന അവസരത്തിൽ പ്രവേശനത്തിന് നിലവിലുള്ള സംവരണവും മെറിറ്റും പാലിക്കുമെന്ന് സ്വയംഭരണപദവി നേടുന്ന കോളേജുകൾ സർക്കാരുമായി കരാറിൽ ഏർപ്പെടേണ്ടതുണ്ട്.

(ജി) സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം സംബന്ധിച്ച് ഈ മേഖലയിലുള്ള വിവിധ സർവ്വീസ് വിദ്യാർത്ഥി സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള

ഉണ്ട്.

പ്രൊഫ.എൻ.ആർ.മാധവമേനോൻ അദ്ധ്യക്ഷനായ സമിതി കോളേജുകൾക്ക്

| | |
|---|---|
| സംഘടനകളുമായി ചർച്ച നടത്തി, ഈ മേഖലയിലെ ആശങ്കൾ ദൂരീകരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | സംബന്ധിച്ച് വിവിധ അദ്ധ്യാപക - അനദ്ധ്യാപക സംഘടനാ പ്രതിനിധികളുമായും വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുമായും കോളേജ് പ്രിൻസിപ്പാൾ, മാനേജർമാർ എന്നിവരുമായും ചർച്ച നടത്തിയിരുന്നു. കൂടാതെ, സർക്കാർ തലത്തിൽ 03.09.2013 ൽ വിവിധ അദ്ധ്യപക സംഘടനാ പ്രതിനിധികളുമായി ഇക്കാര്യത്തിൽ ചർച്ച നടത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ